പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3835 — 19.02.2013 ൽ മറുപടിക്ക്

## സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) 2012 ജനുവരി മുതൽ ഡിസംബർ 31 വരെ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എത്രപരാതികൾ പോലീസ് വകുപ്പിന് ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) പോലീസ് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ലഭിച്ച പരാതികളിൽ കൂടുതലും ഏതു വിഷയങ്ങളെ സംബന്ധിച്ചുള്ളതാണ്; വിശദമാക്കുമോ; | (ബി) സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിലൂടെയുള്ള അപകീർത്തിപ്പെടുത്തൽ, ഇ-മെയിൽ വെബ്സൈറ്റ് ഹാക്കിംഗ്, മൊബൈൽ ഫോൺ ദുരുപയോഗം, സാമ്പത്തിക തട്ടിപ്പ് തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചുള്ളതാണ് കൂടുതൽ പരാതികളും. |
| (സി) പോലീസ് ആസ്ഥാനത്തെ ഹൈടെക് സെല്ലിന് പ്രസ്തുത കാലയളവിനുള്ളിൽ എത്ര പരാതികൾ കൈമാറി; വ്യക്തമാക്കാമോ; | (സി) 2012 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ ആകെ 2887 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) ഏതുപ്രകാരമുള്ള പരാതികളാണ് ഹൈടെക് സെല്ലിലേക്ക് കൈമാറുന്നത്; വിശദമാക്കുമോ; | (ഡി) ഇന്റർനെറ്റിലൂടെയും മൊബൈൽ ഫോണിലൂടെയും ഉള്ള ഭീഷണിപ്പെടുത്തൽ/അപകീർത്തിപ്പെടുത്തൽ/ശല്യം ചെയ്യൽ, ഹാക്കിംഗ്, ഓൺ ലൈൻ തട്ടിപ്പുകൾ, സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലൂടെയുള്ള അപകീർത്തിപ്പെടുത്തൽ, മൊബൈൽ ഫോൺ മോഷണം എന്നീ വിഷയങ്ങളെ സംബന്ധിച്ച പരാതികളാണ് ഹൈടെക് സെല്ലിലേക്ക് കൈമാറുന്നത്. |

| | | | |
|---|---|---|---|
| (ഇ) | ഈ കാലയളവിനുള്ളിൽ എത്ര പരാതികളിന്മേൽ കേസെടുത്ത് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു; വിശദമാക്കുമോ? | (ഇ) | കേസെടുത്ത 324 പരാതികളിന്മേൽ 54 എണ്ണത്തിൽ കുറ്റപത്രം സമർപ്പിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

അനുബന്ധം

No.-G1/207/LAI/SCRB/2013

| Dist. | A |
|---|---|
| TVM-C | 75 |
| TVM-RL | 159 |
| KLM C | 12 |
| KLM- R | 31 |
| PTA | 52 |
| ALPY | 409 |
| KTM | 301 |
| IDI | 1 |
| EKM-C | 65 |
| EKM-RL | 20 |
| TSR-C | 22 |
| TSR- R | 11 |
| PLKD | 59 |
| MLPM | 16 |
| KKD C | 65 |
| KKD RL | 19 |
| WYD | 9 |
| KNR | 35 |
| KSGD | 25 |
| RLYS | 0 |
| CCPS | 121 |
| Total | 1507 |

സെക്ഷൻ ഓഫീസർ